Reg. No .................... Name .............................. **23U214**

# B. A./B. Sc. DEGREE END SEMESTER EXAMINATION: MARCH 2023
## SEMESTER 2 : ADDITIONAL LANGUAGE (MALAYALAM)
## COURSE : 19U2CCMAL2A: KAVITHA

**(For Regular - 2022 Admission and Improvement / Supplementary – 2021/2020/2019 Admissions)**

Time : Three Hours Max. Marks: 75

### PART A
### Answer All (1 mark each)

1. കൂരിരുട്ടിന്റെ കിടാത്തി, സൂര്യപ്രകാശത്തിനുറ്റ തോഴി എന്നീ വിശേഷങ്ങൾ കവി നൽകുന്നതാർക്കാണ്?
2. മറിയാമ്മ ജോണിന്റെ നാടൻ പാട്ടുകൾ ഏത് പേരിലാണ് സമാഹരിക്കപ്പെട്ടിട്ടുള്ളത്?
3. പ്രണയഗീതങ്ങൾ എന്ന കവിതാ സമാഹാരം ആരുടേതാണ്?
4. "കൊച്ചിയിലെ വൃക്ഷങ്ങൾ" എന്ന കവിത ആരുടേതാണ്?
5. 'ഗോത്രായനം' എന്ന കവിത എഴുതിയതാര്?
6. കണ്ണീർപ്പാടം ആരുടെ കവിതയാണ്?
7. ഹിമസമാധി രചന എഴുതിയതാര്?
8. ചങ്ങമ്പുഴയുടെ ആത്മകഥ?
9. ജലഭൂപടം എന്ന കവിതാ സമാഹാരം ആരുടേതാണ്?
10. ജി. ശങ്കരക്കുറിപ്പിന് ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച വർഷം ഏത്?

**(1 x 10 = 10)**

### PART B
### Answer any 8 (2 marks each)

11. അയ്യപ്പപ്പണിക്കരുടെ കാവ്യസവിശേഷതകൾ ചുരുക്കി എഴുതുക.
12. സൂര്യൻ എന്ന പ്രതീകം എങ്ങനെയാണ് തന്റെ കവിതയിൽ ജി പ്രയോജനപ്പെടുത്തിയത്?
13. "മന്ത്രമുഗ്ദ്ധനായ് ഭവാൻ വർണ്ണിപ്പൂ", എന്താണ് വർണ്ണിച്ചത്?
14. "കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും കാക്കണം സ്വാതന്ത്ര്യം മെന്നറിവോൾ" ആശയം വിശദമാക്കുക?
15. 'പേരുകൾ ചാർത്തി തരംതിരിക്കും വീണ്ടും നേരം പിഴിയും'. ആശയം വിശദമാക്കുക.
16. "ഖലരാം വനകൂപ പംക്തി മേൽ കലരും പുഷ്പ വിതാനം" എന്ന് വിശേഷിപ്പിക്കുന്ന തെന്തിനെയാണ്?
17. സാഹസാ പുടപാകരീതിയായ്
    നിഹനിപ്പൂഹതമെന്റെ ജീവിതം? വിശകലനം ചെയ്യുക?
18. "ചേലുകൾ നോക്കുവോളല്ല, നാനാ-
    വേലകൾ ചെയ്യുവോളിക്കിടാത്തി" ആരെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്? കാരണം എന്ത്?

19. നഗരവാസികളുടെ സ്വഭാവത്തെപ്പറ്റി പറയുന്ന കുമാരനാശാന്റെ കാവ്യമേത്? ആരിലൂടെയാണ് കുമാരനാശാൻ ഈ പരാമർശം നടത്തുന്നത്?

20. 'വളമായ് ചീയുകയാൽ ഈ മേദിനി എന്നുടെ ധാത്രിധാത്രി'. ഏത് കവിതയിലെ വരികളാണിത്?

**(2 x 8 = 16)**

## PART C
## Answer any 5 (5 marks each)

21. കീരി എന്ന കവിത മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയദർശനം വിവരിക്കുക?

22. "പൂവിന്റെ ചിന്തകളിൽ മനുഷ്യത്വം ആരോപിച്ചുകൊണ്ടാണ് കവി സൂര്യകാന്തി എന്ന കവിത നിർമ്മിച്ചിരിക്കുന്നത്"- വ്യക്തമാക്കുക.

23. "ഇവളുമെൻ ദുർവിധി പോലെ കുടത്തിനുള്ളിൽ കുടുങ്ങിയോളാണിവളെ തൊടില്ലെൻ ദാഹം". ആശയം വിശദീകരിക്കുക?

24. കെ. ജി. ശങ്കരപ്പിള്ളയുടെ നാറാണത്ത് പാറ എന്ന കവിതയുടെ രചനാപരമായ പ്രത്യേകതകൾ വിശദീകരിക്കുക?

25. "ഇടമില്ല ഈ വിജയപീഠത്തിൽ രണ്ടാൾക്ക്/ രണ്ട് സത്യത്തിന്" ആശയം വിശദീകരിക്കുക?

26. ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ 'പറക്കം' എന്ന കവിതയിൽ എങ്ങനെ പ്രകടമാകുന്നു?

27. മനസ്വിനി എന്ന കവിത ഉൾക്കൊള്ളുന്ന പ്രണയ സങ്കൽപം വിശദീകരിക്കുക?

**(5 x 5 = 25)**

## PART D
## Answer any 2 (12 marks each)

28. 'കാക്ക' എന്ന കവിതയുടെ സാമൂഹിക പ്രസക്തി വിശകലനം ചെയ്യുക.

**OR**

29. 'ചിന്താഗ്നി' എന്ന കവിതയിലൂടെ കുമാരനാശാൻ മുന്നോട്ടു വയ്ക്കുന്ന ദാർശനിക തലങ്ങൾ എന്തെല്ലാം?

30. ഹാ രാം എന്ന ശബ്ദം ഇന്നത്തെ കാലത്ത് ദീനമായൊരു ക്രന്ദനമായി മാറുന്നതെങ്ങനെ? 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിതയെ ആസ്പദമാക്കി ഉപന്യസിക്കുക.

**OR**

31. അധിനിവേശത്തോടുള്ള ചെറുത്തു നിൽപ്പ് 'കീരി' എന്ന കവിതയിൽ ആവിഷ്കൃതമാകുന്ന തെങ്ങനെ?

**(12 x 2 = 24)**